**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിൽ പുലിയുടെയും കാട്ടാനയുടെയും സാന്നിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തി പങ്കിടുന്ന കുത്തുപറമ്പ് മണ്ഡലത്തിന്റെ പരിധിയിൽ പുലിയുടെയും കാട്ടാനയുടെയും സാന്നിധ്യം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | **കണ്ടെത്തിയിട്ടുണ്ട്, കുത്തുപറമ്പ് നിയോജകമണ്ഡലം പരിധിയിൽ വരുന്ന കണ്ണവം റെയിഞ്ചിന്റെ അധികാരപരിധിയിൽപ്പെട്ടതുമായ പെരിങ്ങത്തൂർ, അണിയാരം ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യവും, നരിക്കോട്, പാത്തിക്കൽ ഭാഗങ്ങളിൽ കാട്ടാനയുടെ സാന്നിദ്ധ്യവും കണ്ടെത്തിയിട്ടുണ്ട്. അണിയാരം ഭാഗത്ത് സ്വകാര്യ വ്യക്തിയുടെ കിണറ്റിൽ വീണ പുലിയെ പിടികൂടിയിട്ടുണ്ട്. ജനവാസമേഖലയിൽ കാട്ടാനയുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ ഉടൻ തന്നെ വനം വകുപ്പ് ജീവനക്കാരും, വാച്ചർമാരും, വനസംരക്ഷണ സമിതി പ്രവർത്തകരും ചേർന്ന് കാട്ടാനകളെ ഉൾവനത്തിലേക്ക് തിരികെ കയറ്റിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കാട്ടാനകൾ ജനവാസ മേഖലയിലിറങ്ങുന്നത് തടയുന്നതിന് നരിക്കോട് ഭാഗത്ത് 3 കിലോ മീറ്റർ ദൂരത്തിൽ സോളാർ പവർ ഫെൻസിങ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ